## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **476** | **27.06.2019 -** ൽ മറുപടിക്ക് |
|---|---|

## കേരള പുനർനിർമ്മാണ പരിപാടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി<br>„ വി. കെ. സി. മമ്മത് കോയ<br>„ പി.കെ. ശശി<br>„ കെ.കുഞ്ഞിരാമൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കേരള പുനർനിർമ്മാണ പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നടത്തിയ വിദേശയാത്ര തല്പരകക്ഷികൾ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ വിവാദമാക്കിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) | സദുദ്ദേശത്തോടെ നടത്തിയ യാത്രകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നവിധം വിവാദമാക്കിയത് ശ്രദ്ധയിൽപ്പെട്ടിരുന്നു |
| (ബി) | വിദേശ രാജ്യത്തിന്റെ സഹായം കേന്ദ്ര സർക്കാരിന്റെ അനുമതി കൂടാതെ വാങ്ങാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്താമോ; | (ബി) | കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. 2016 -ലെ ദേശീയ ദുരന്തനിവാരണ പദ്ധതി ഒൻപതാം അദ്ധ്യായം രണ്ടാം പാരഗ്രാഫ് അനുസരിച്ച് ഭാരത സർക്കാർ വിദേശ സഹായത്തിനുവേണ്ടി അഭ്യർത്ഥന നടത്തില്ല എന്നും സ്വമേധയാ ആരെങ്കിലും സഹായം വാഗ്ദാനം ചെയ്താൽ അതിന്മേൽ തീരുമാനമെടുക്കാനുള്ള അധികാരം ആഭ്യന്തര മന്ത്രാലയത്തിനും വിദേശ മന്ത്രാലയത്തിനും ആയിരിക്കും എന്നും പ്രതിപാദിച്ചിരിക്കുന്നു . |

| | | | |
|---|---|---|---|
| (സി) | ദുരിതാശ്വാസ പ്രവർത്തനത്തിന് വിദേശസഹായം അങ്ങോട്ട് ആവശ്യപ്പെടാതെ തന്നെ വാഗ്ദാനം ചെയ്തിട്ടും അത് വാങ്ങാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നോ; | (സി) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നില്ല. |
| (ഡി) | വിവിധ രാജ്യങ്ങളിലെ പ്രവാസി കേരളീയരിൽ നിന്നും ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം തേടാൻ മന്ത്രിമാരെ അയയ്ക്കാൻ കേരളം അനുമതി ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു എന്നറിയിക്കാമോ; | (ഡി) | വിവിധ രാജ്യങ്ങളിലേക്ക് വിവിധ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും അടങ്ങുന്ന പ്രതിനിധി സംഘങ്ങളെ അയക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നെങ്കിലും കേന്ദ്ര സർക്കാർ ബഹു .മുഖ്യമന്ത്രിക്കും നോർക്ക പ്രിൻസിപ്പൽ സെക്രട്ടറിക്കും മാത്രമേ യാത്രാനുമതി നൽകിയുള്ളു. |
| (ഇ) | ലോക ബാങ്കിൽ നിന്ന് എത്ര ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്; സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പുനർനിർമ്മാണ പ്രക്രിയയെ ബോധപൂർവം വഴിമുടക്കുന്നവരുടെ നിലപാട് അതിജീവിച്ചുകൊണ്ട് പുനർനിർമ്മാണത്തിന്റെ കരട്ടുരേഖ അംഗീകരിച്ച് നിർവ്വഹണ ഘട്ടത്തിലേക്ക് നീങ്ങാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL) സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു. പൊതുജനങ്ങളിൽ നിന്നും വിഷയ വിദഗ്ധരിൽ നിന്നും അഭിപ്രായ സ്വരൂപണം നടത്തി തയ്യാറാക്കിയ RKDP-യുടെ അന്തിമ കരടിന് 22/05/2019-ന് മന്ത്രിസഭ അംഗീകാരം |

നൽകുകയുണ്ടായി. RKDP-യുടെ അന്തിമ രൂപം പുറത്തിറക്കുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**